File No.REV-DRF-A1/1/2020-REV

1228
18/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- കെ.എസ്.ആർ.ടി.സി ബസ് അപകടത്തിൽപ്പെട്ടപ്പോൾ യാത്രക്കാരെ രക്ഷിക്കുന്നതിനായി പരിശ്രമിക്കുകയും പൊള്ളലേറ്റ് ചികിത്സയിലിരിക്കെ മരണപ്പെട്ടുകയും ചെയ്ത കെ.എസ്.ആർ.ടി.സി ഡ്രൈവർ പി. പ്രകാശിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ് -എ) വകുപ്പ്

സ.ഉ.(കൈ) നം.9/2020/റവ. തീയതി,തിരുവനന്തപുരം, 04/01/2020

---

പരാമർശം:- 1 കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ 26.09.2019 തീയതിയിലെ ടി.ആർ/000815/2019 നമ്പർ കത്ത്.

2 തിരുവനന്തപുരം ജില്ലാകളക്ടറുടെ 03.10.2019 തീയതിയിലെ എ16/221400/2019 നമ്പർ കത്ത്.

3 കൊല്ലം ജില്ലാകളക്ടറുടെ 03.10.2019 തീയതിയിലെ എൻ4-159126/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിൽ വർക്കല കല്ലമ്പലം പുതുശ്ശേരിമുക്ക് പുളിയറക്കോണം നെല്ലിക്കുന്നുവിള വീട്ടിൽ പി. പ്രകാശ് ഓടിച്ചിരുന്ന കെ.എസ്.ആർ.റ്റി.സി ബസ്സ് 15.06.19 ൽ കൊല്ലം ജില്ലയിലെ, ആയൂരിന് സമീപമുള്ള വയയ്ക്കൽ എന്ന സ്ഥലത്തുവച്ച് ലോറിയുമായി കൂട്ടിയിടിച്ച് തീപിടിക്കുകയും തുടർന്ന് ബസ്സിലെ മുഴുവൻ യാത്രക്കാരേയും രക്ഷപ്പെടുത്തുന്നതിനായി പ്രകാശ് ബസ്സിനുള്ളിൽ തുടരുകയും എല്ലാ യാത്രക്കാരും രക്ഷപ്പെട്ടശേഷം ഇദ്ദേഹത്തെ കണ്ടക്ടറും പോലീസും ഫയർഫോഴ്സും ചേർന്ന് ഡ്രൈവർ സീറ്റിൽ നിന്നും എടുത്തുമാറ്റിയെങ്കിലും അതിനകംതന്നെ ഇദ്ദേഹത്തിന്റെ ശരീരത്തിൽ പൊള്ളലേൽക്കുകയും തുടർന്ന് 1 8 ദിവസം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കവേ 03.07.2019 -ന് മരണപ്പെട്ടുകയും ചെയ്തു.

2. രക്ഷാ പ്രവർത്തനത്തിലേർപ്പെട്ട് മരണം വരിച്ച പി.പ്രകാശിന്റെ പിന്നോക്കാവസ്ഥയിലുള്ള കുടുംബത്തിന്റെ സംരക്ഷണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ജില്ലാകളക്ടർ, കൊല്ലം ജില്ലാകളക്ടർ എന്നിവർ യഥാക്രമം പരാമർശം (1) , (2) (3) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി ബസ് അപകടത്തിൽപ്പെട്ടപ്പോൾ യാത്രക്കാരെ രക്ഷിക്കുന്നതിനായി പരിശ്രമിക്കുകയും പൊള്ളലേറ്റ് ചികിത്സയിലിരിക്കെ മരണപ്പെട്ടുകയും ചെയ്ത കെ.എസ്.ആർ.ടി.സി ഡ്രൈവർ പി. പ്രകാശിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും (താത്കാലികാശ്വാസമായി, ഇൻഷ്വറൻസ് തുകയ്ക്ക് ഉപരിയായി) 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക്

# File No.REV-DRF-A1/1/2020-REV

അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക അടിയന്തിരമായി പ്രകാശിന്റെ കുടുംബത്തിന് വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിന്സിപ്പല് സെക്രട്ടറി

പകർപ്പ് ,

ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ,കൊല്ലം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഗതാഗത (എ) വകുപ്പ്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്-ബി/സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (31/12/2019-ലെ ഇനം നം.3647 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DEEPU S S
Date: 2020.01.04 16:..:46 IST
Reason: Approved
സെക്ഷൻ ഓഫീസർ